ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം.എ.സി.ഡി.സി3/55141/2016/എച്ച്.എസ്.ഇ

തീയതി-03/02/2017

ഡയറക്ടർ

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
തിരുവനന്തപുരം, ചെങ്ങന്നൂർ, കോട്ടയം,
എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ

സർ,

വിഷയം- ഹ.സെ.വി-എയ്ഡഡ്-2014-15,2015-16 എന്നീ അധ്യയന വർഷങ്ങളിൽ ആരംഭിച്ച സ്കൂളുകളിൽ ദിവസവേതനം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന - സർക്കാർ കത്ത് നം.1154660/റ്റി2/2017/പൊ.വി.വ. തീയതി 03/02/2017.

സൂചനപ്രകാരം അടിയന്തിരഘട്ടത്തിൽ നടത്തുന്ന ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് സ്ഥിരം അദ്ധ്യാപക നിയമനത്തിന് പാലിക്കുന്ന പ്രക്രിയ ആവശ്യമില്ല എന്നും, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഹയർ സെക്കന്ററി അദ്ധയാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടെന്ന് ബന്ധപ്പെട്ട എയ്ഡഡ് സ്കൂൾ അധികൃതർ 07/08/2010-ലെ സർക്കാർ ഉത്തരവ് നം.161/2010/പൊ.വി.വ. പ്രകാരം ഉറപ്പ് വരുത്തേണ്ടതാണെന്ന് എന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് 07/08/2010, 31/10/2016 എന്നീ തീയതികളിലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനം അനുവദിക്കാവുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

മേൽ പറഞ്ഞ നിർദ്ദേശം അടിയന്തിരമായി നടപ്പാക്കുന്നതിന് സൂചനയുടെ പകർപ്പും 07/08/2010-ലെ സർക്കാർ ഉത്തരവും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ജോയിന്റ് ഡയറക്ടർ(അക്കാഡമിക്)**
**(ഡയറക്ടർ ഇൻ ചാർജ്ജ്)**

Acd C7
3/2/17

GOVERNMENT OF KERALA

നം.1154660/റ്റി2/2017/പൊ.വി.വ

പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്,
തിരുവനന്തപുരം,
തീയതി:03/02/2017

സെക്രട്ടറി.

ഡയറക്ടർ,
ഹയർസെക്കന്ററി വിദ്യാഭ്യാസം,
തിരുവനന്തപുരം.

സർ,

വിഷയം: പൊതു വിദ്യാഭ്യാസ വകുപ്പ് –ഹയർസെക്കന്ററി വിദ്യാഭ്യാസം -എയ്ഡഡ് – 2014-2015, 2015-2016 എന്നീ അദ്ധ്യയന വർഷങ്ങളിൽ ആരംഭിച്ച സ്കൂളുകൾ / ബാച്ചുകൾ - ദിവസ വേതനം അനുവദിക്കുന്നതു സംബന്ധിച്ച്

സൂചന : 1) 07/08/2010 തീയതിയിലെ ജി.ഒ (ആർ.റ്റി)161/2010/പൊ.വി.വ നമ്പർ ഉത്തരവ്

2) 31/10/2016 തീയതിയിലെ ജി.ഒ (ആർ.റ്റി)185 /2016/പൊ.വി.വ നമ്പർ ഉത്തരവ്

3) 12/01/2017 തീയതിയിലെ താങ്കളുടെ എ.സി.ഡി. സി1/55141/2016/ എച്ച്.എസ്.ഇ നമ്പർ കത്ത്

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അടിയന്തിര ഘട്ടത്തിൽ നടത്തുന്ന ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് സ്ഥിരം അദ്ധ്യാപക നിയമനത്തിന് പാലിക്കുന്ന പ്രക്രിയ ആവശ്യമില്ല എന്നും, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടെന്ന് ബന്ധപ്പെട്ട എയ്ഡഡ് സ്കൂൾ അധികൃതർ ഉറപ്പ് വരുത്തേണ്ടതാണെന്ന് സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ദിവസ വേതന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് സൂചന (1), സൂചന (2) എന്നീ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനം അനുവദിക്കാവുന്നതാണ് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,
കെ.എൻ. സുജാത
അഡീഷണൽ സെക്രട്ടറി,
സെക്രട്ടറിക്ക് വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ